"ഭരണഭാഷ-
മാതൃഭാഷ"

DIRECTORATE OF
HEALTH SERVICE
12 MAY 2020
DESPATCHED

## കേരള സർക്കാർ

### <u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – കോവിഡ് - 19 പ്രതിരോധ, ആശ്വാസ നടപടികൾ - ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

G.O.(Ms) No.69/2020/LSGD തീയതി,തിരുവനന്തപുരം, 30/04/2020

---

പരാമർശം:- 20.3.2020- ലെ സർക്കാർ ഉത്തരവ് (കൈ) നം. 55/2020/തസ്വഭ.

### <u>ഉത്തരവ്</u>

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്ന് വരുമാനം നിലച്ചതിനാൽ, ജീവൻ രക്ഷാ മരുന്ന് വാങ്ങുന്നതിന് ഗുരുതര രോഗം ബാധിച്ച നിർധന രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരം രോഗികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിലെ അതാതു മെഡിക്കൽ ഓഫീസർമാർ മുഖേന മരുന്ന് വാങ്ങി നൽകുന്നതിന് ചുവടെ പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

*(എ) ജീവൻരക്ഷാ മരുന്ന് ലഭ്യമാക്കൽ*

1. ഡയാലിസിസിന് വിധേയരാകുന്നവർ, അവയവം മാറ്റി വച്ചവർ, അർബുദ ബാധിതർ, എന്നിവർക്ക് ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ മുഖേന വാങ്ങി നൽകാവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ, ഈ ആവശ്യത്തിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

2. സാമ്പത്തിക പ്രയാസം അനുഭവിക്കുന്നതും ഈ ഘട്ടത്തിൽ സഹായം ഏറ്റവും അർഹിക്കുന്നതും ആയവരെ വേണം ഇതിനായി പരിഗണിക്കേണ്ടത്.

3 മരുന്ന് ലഭ്യമാക്കുന്നതിന് പൊതു വിഭാഗം വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്.

4. അടിയന്തര സ്വഭാവത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സൗകര്യം (ജി.ഒ. പ്രോജക്ടുകൾ) ഉപയോഗിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ഇതിനുള്ള പ്രോജക്ട്

തയ്യാറാക്കാവുന്നതാണ്. പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് വിഹിതം കണ്ടെത്തി പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

***(ബി) അത്യാവശ്യ മരുന്നുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകൽ***

1. അത്യാവശ്യ മരുന്നുകൾ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയാണെങ്കിൽ കാരുണ്യ, നീതി സ്റ്റോറുകൾ, ജൻ ഔഷധി ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നതാണ്.
2. ഡയാലിസിസിന് വിധേയരാകുന്നവർ , അവയവം മാറ്റി വച്ചവർ , അർബുദ ബാധിതർ , എന്നിവർക്ക് ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ ജനറിക്ക് മരുന്നിനു പകരം മരുന്നിന്റെ ബ്രാൻഡ് പേര് അനുസരിച്ച് വാങ്ങാവുന്നതാണ്.

3 ഗുരുതര രോഗ ബാധിതർക്ക് ലഭ്യമാക്കുന്ന മരുന്ന് ഉൾപ്പെടെ ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ എല്ലാത്തരം മരുന്നുകളും ഇപ്രകാരം മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.